RaK



# റാക്ക് സെൻട്രൽ കമ്മിറ്റി വാർഷിക റിപ്പോർട്ട്-2015-2016

അസ്സലാമുഅലൈക്കും

ബഹുമാനപ്പെട്ട റാക്ക്മെംബേർസ്

10/04/2015 ദുബായിൽ ജ: നൗഷാദ് അവർകളുടെ കമ്പനിയിൽ വച്ച് കൂടിയ റാക്ക് ജനറൽ ബോഡിയിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സെൻട്രൽ കമ്മിറ്റി നിലവിൽ വന്നു.

| | | |
|---|---|---|
| 1 | ജ: മഹമൂദ് | പ്രസിഡന്റ് |
| 2 | ജ; സജീം | ജെനെറൽ സെക്രട്ടറി / |
| 3 | ജ: ഉല്ലാസ് | ഖജാൻജി |
| 4 | ജ: അഷീർ ഖാൻ | വൈസ് പ്രസിഡണ്ട് |
| 5 | ജ; അസീം നുഹുമൻ | ജോയിന്റ്സെക്രട്ടറി |
| 6 | ജ: ബിലാൽ റകീബ് | ജോയിന്റ്സെക്രട്ടറി |
| 7 | ജ; ഷാജി. S | ജോയിൻറ് ഖജാൻജി |
| 8 | ജ; ആസാദ് A R | Auditor |
| 9 | ജ; Ansari. S | Legal Advisor |
| 10 | ജ; Iqbal. A | Qatar Coordinator |
| 11 | Mr. Baji Abbas - Qatar | Executive Committee member |
| 12 | Mr. Navas - Qatar | Executive Committee member |
| 13 | Mr. Nasim - Qatar | Executive Committee member |
| 14 | Mr. Thasim Ameen - Qatar | Executive Committee member |
| 15 | Mr. Sajar. M K- AUH | Executive Committee member |
| 16 | Mr. Ansari - AUH | Executive Committee member |
| 17 | Mr. Alavudeen - AUH | Executive Committee member |
| 18 | Mr. Shibu - Dubai | Executive Committee member |
| 19 | Mr. Rafi - Dubai | Executive Committee member |
| 20 | Mr. Thambikhan - Dubai | Executive Committee member |
| 21 | Janab; Anas Hussain | Executive Committee member |
| 22 | Janab: Mujeeb | Executive Committee member |
| 23 | Janab : Shibu Mohd Yousuf | Executive Committee member |

കൂടാതെ ഇതിനോടൊപ്പം അബുദാബി, ദുബൈ, അൽ ഐൻ എന്നീ പുതിയ കമ്മിറ്റികളും രൂപം കൊണ്ടു. ടെക്നിക്കൽ കമ്മിറ്റിയെ നേരത്തെ പോലെ

നിലനിർത്തുകയും കൂടാതെ താഴെ പറയുന്ന മുതിർന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പുതിയ ഹൈ പവർ കമ്മിറ്റിയെ നിച്ചയിക്കുകയും

| | | |
|---|---|---|
| 1 | Jan. Abdul Aziz | High Power Committee |
| 2 | Jan. Alavudeen | High Power Committee |
| 3 | Jan. Kalam Haji | High Power Committee |
| 4 | Jan. Shafi. N M | High Power Committee |
| 5 | Jan. Mahamood | High Power Committee |
| 6 | Jan. Shefi | High Power Committee |
| 7 | Jan. Naushad | High Power Committee |

ഇത് കൂടാതെ നമുക്ക് ഖത്തർ , റാത്തിക്കൽ എന്നീ രണ്ടു ബ്രാഞ്ചുകളും സൗദി അറേബ്യ, ഒമാൻ എന്നിവിടങ്ങളിൽ നമ്മുടെ മെമ്പർ മാരും ഉണ്ട്. ഓരോ ബ്രാഞ്ചിലും ഉള്ള മെമ്പർമാരുടെ കണക്കു വിവരങ്ങൾ താഴെ വിവരിക്കുന്നു

| Area | Total Members | Active Members | Transfer to Rathickal | *Inactive Members | Remarks |
|---|---|---|---|---|---|
| Qatar | 289 | 251 | 9 | 29 | |
| Dubai and Northern Emirates | 104 | 81 | | 23 | |
| Abu Dhabi | 107 | 88 | | 19 | |
| Al Ain | 50 | 45 | | 5 | |
| Rathickal | 20 | 19 | | 1 | |
| Saudi & Oman | 13 | 13 | | 0 | |
| **Total** | **579** | **497** | **9** | **73** | **0** |

ഈ കമ്മിറ്റിയുടെ പ്രവർത്തന കാലാവധി ഒരു വർഷവും 25 ദിവസവുമായിരുന്നു. ഈ കാലയളവിൽ ഇതുവരെ 13 സംയുക്തകമ്മിറ്റികൾ കൂടുകയുണ്ടായി. അത് ചേർന്ന തിയതിയും സ്ഥലവും

| | | |
|---|---|---|
| 1 | 15/05/2015 | Abudhabi |
| 2 | 19/06/2015 | Abu Dhabi |
| 3 | 26/06/2015 | Al Ain |

| | | |
|---|---|---|
| 4 | 18/07/2015 | Abu Dhabi |
| 5 | 07/08/2015 | Abu Dhabi |
| 6 | 04/09/2015 | Abu Dhabi |
| 7 | 09/10/2015 | Abu Dhabi |
| 8 | 13/11/2015 | Abu Dhabi |
| 9 | 04/12/2015 | Abu Dhabi |
| 10 | 01/01/2016 | Abu Dhabi |
| 11 | 19/02/2016 | Abu Dhabi |
| 12 | 08/03/2016 | Abu Dhabi |
| 13 | 08/04/2016 | Abu Dhabi |

ഇത് കൂടാതെ പ്രത്യേകം നാലു ടെക്നിക്കൽ കമ്മിറ്റിയും കൂടുകയുണ്ടായി അത് ചേർന്ന തിയതിയും സ്ഥലവും:

| | | |
|---|---|---|
| 1 | 18/09/2015 | Abudhabi |
| 2 | 09/10/2015 | Abu Dhabi |
| 3 | 23/10/2015 | Dubai |
| 4 | 13/11/2015 | Abu Dhabi |

സമയബന്ധിതമായും അത്യാവശ്യഘട്ടങ്ങളിലും സെൻട്രൽ കമ്മിറ്റിയുടെ നേതൃത്തത്തിൽ സംയുക്തകമ്മിറ്റികൾ ചെര്ന്നതുകൊണ്ട് കൂട്ടായ്മയെ സജീവമായി നിലനിർത്താനും തീരുമാനങ്ങൾ യഥാസമയം കൈകൊള്ളാനും സാധിച്ചതായിഈ സെൻട്രൽ കമ്മിറ്റി വിലയിരുത്തുന്നു. തീർച്ചയായും തെറ്റുകളും, കുറ്റങ്ങളും, കുറവുകളും ഉണ്ടായിട്ടുണ്ട്. അതൊന്നും തീർച്ചയായും മനപൂർവമായി സംഭവിച്ചതല്ലെന്ന് അങ്ങഗളുടെ മുൻപിൽ പറയാൻ ആഗ്രഹിക്കുന്നു.തുടർന്ന് വരുന്ന കമ്മിറ്റിക്ക് അത്തരം പ്രശ്നങ്ങൾ ഒന്നും ഉണ്ടാകരുതെന്ന് ആത്മര്തമായി പ്രാർത്ഥിക്കുന്നു.

ഈ കമ്മിറ്റി യുടെ പ്രവർത്തന കാലത്ത് നടന്ന പ്രവർത്തനങ്ങളുടെ ആകെത്തുക ഈ ജനറൽ ബോഡി യിൽ അങ്ങഗളുടെ സമക്ഷം സജീവ ചർച്ചക്കും പരിഗണനക്കുമായി സമർപ്പിക്കുന്നു.

ഈ കമ്മിററിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായ നേട്ടമായി ഞങ്ങൾ കാണുന്നത് ഒത്തിരി പ്രതിസന്ധികൾ ഉണ്ടായിട്ടും ഈ കൂട്ടായ്മയുടെ ഐക്യം നിലനിർത്താനായി , ഏറ്റവും വിലപ്പെട്ട ആ നേട്ടത്തെ മുൻനിർത്തിയാണ് മററ് നേട്ടങ്ങൾ ഉണ്ടാക്കാനായത് . വ്യത്യസ്തമായ വീക്ഷണങ്ങൾ വെച്ച് പുലർത്തുന്നവർ നമുക്കിടയിൽ സജീവമായി നിലനിൽക്കമ്പോഴും അൽഹംദുലില്ലാഹ് ഇതുവരെ ഒരു അസഹിഷ്ണതയൊ

ഗ്രൂപ്പ് കളികളൊ ഇല്ലാതെ ഈ വേദിയെ ഇത് വരെ നയിക്കാനായ സന്തോഷം ഞങ്ങൾ പങ്ക് വെക്കുകയാണ്. വരുംകാല കമ്മറ്റികൾക്കും ഈ പ്രവർത്തനരീതി നിലനിർത്തിനാകട്ടെയെന്ന് ആമുഖമായി പറഞ്ഞ് കൊണ്ട് റിപ്പോർട്ട് തുടരുകയാണ്. ഈ കമ്മിറ്റി നിലവിൽ വന്നതിന് ശേഷം മുൻ പ്രവർത്തനങ്ങളു ടെ തുടർച്ചയും ഒപ്പം പുതിയ പല വഴിത്തിരിവുകൾക്കും കാരണമായ പദ്ധതികളും നടപ്പിലാക്കാനായി. കൂടാതെ നമ്മളുടെ ചില അംഗങ്ങളുടെ വൈകാരികമായിട്ടുള്ള രാജിയും ശേഷം അവരെ വിവരങ്ങൾ യഥാവിധി പറഞ്ഞു ബോദ്ധ്യപ്പെടുത്തി വീണ്ടും ചേർത്ത് നിർത്താനായതും നേട്ടമായി തന്നെ കാണുന്നു.

റിപ്പോർട്ടിന്റെ വിശദവിവരങ്ങളിലെക്ക് കടക്കുന്നതിനു മുമ്പായി കഴിഞ്ഞ വർഷം നമ്മളിൽ നിന്ന് വിട്ട് പിരിഞ്ഞ് പോയവരെ നമുക്ക് ഓർക്കണം', നമ്മുടെ മെമ്പർ ആയിരുന്ന ജനാ: അവാബ്, മറ്റു നമ്മുടെ നാട്ടുകാരും ബന്ധുക്കള്മായിട്ടുള്ളവരും അവരെയും നമ്മെയും അള്ളാഹു അവന്റെ സ്വർഗ്ഗത്തിൽ ഒന്നിപ്പിക്കു മാറാകട്ടെ ആമീൻ,,,

ആദ്യമായി തന്നെ കഴിഞ്ഞ കമ്മിറ്റി ഈ കമ്മിറ്റിക്ക് ചെയ്യാനായി സമർപ്പിച്ച ഭാവി കാര്യങ്ങളെല്ലാം ഭാഗിഗമായോ മുഴുവനായോ നമ്മുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ പരിശ്രമം കൊണ്ട് ചെയ്തു തീർക്കാൻ കഴിഞ്ഞതിൽ ഈ കമ്മിറ്റി വളരെ സന്തോഷിക്കുന്നു. അതിൽ ആദ്യത്തേതായ

1.RAK ന്റെ NORKA റെജിസ്ട്രേഷൻ/ ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരണം:

നമ്മൾ ഇതിനു പകരമായി റാത്തിക്കൽ കൂട്ടായ്മ പബ്ലിക് ലിമിറ്റെഡ് എന്ന പേരിൽ ഒരു കമ്പനിയായി നമ്മുടെ കൂട്ടായ്മ രെജിസ്റ്റെർ ചെയ്യുകയും, അതുമായി ബന്ധപ്പെട്ടു പഴയചന്തയിൽ ഒരു ഓഫീസ് തുറന്നു പ്രവർത്തിപ്പിക്കാനും സാധിച്ചു. ഇനി ഇതിൽ കൂടുതലായി നോർക്ക രെജിസ്ട്രേഷനൊ ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരണതിന്റെയോ ആവശ്യം ഉണ്ടെങ്കിൽ അത് അടുത്ത കമ്മിറ്റി ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

2. ബിസിനെസ്സ് രംഗത്തേക്കുള്ള കാൽവെപ്പ് :

അൽഹംദുലില്ലഹ്,,, ഭാഗിഗമായെങ്കിലും ഇതും ചെയ്തു വെന്നൊരു അത്മസംത്രിപ്തി ഈ കമ്മിറ്റി ഒന്നാകെ പങ്കുവെക്കുന്നു കാരണം ഈ വിഷയത്തിൽ ഒരുപാടു ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും ഒടുവിൽ നമ്മുടെ സ്വപ്ന പദ്ധതിയായ സൂപ്പർ മാർക്കറ്റ് പണിയാനുള്ള വസ്തു വാങ്ങുകയും അതിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കാനുള്ള ശ്രമങ്ങളും നടന്നു വരുന്നു. അതിനായി വളരെ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഒരു ടെക്നിക്കൽ കമ്മിറ്റിയെ ജ: ഇക്ബാൽ അവർകളുടെ നേതൃത്വത്തിൽ

സെൻട്രൽ കമ്മിറ്റി തിരഞ്ഞെടുക്കുകയും അവർ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യുന്നു.

3. നാട്ടിലെ പ്രവർത്തന വിപുലീകരണം:

ഇതിൽ ഇപ്പൊ നാട്ടിൽ വളരെ ശക്തമായ പ്രവർത്തനം നടത്താനായി നമുക്ക് ശക്തമായ ഒരു കമ്മിറ്റി നാട്ടിൽ നിലവിൽ വരികയും അതിനെ തുടർന്ന് നാട്ടിലെ സാമൂഹികവും സാമ്പത്തികവുമായുള്ള കാര്യങ്ങളിൽ കൂട്ടായ്മയുടെ പരിധിയിൽ നിന്നും ചെയ്യാൻ പറ്റുന്നത് നാട്ടിലെ കമ്മിറ്റി വളരെ ഭംഗിയായി നടത്തുകയും ചെയ്യുന്നു. ഇനിയും കൂടുതലായി അവർക്ക് നമ്മുടെ പരിസര പ്രദേശങ്ങളിൽ കൂടി കൂട്ടായ്മയുടെ പ്രവർത്തനം കൊണ്ട് പോയി കൂട്ടായ്മയെ കൂടുതൽ ജനകീയമാക്കട്ടെ എന്നും പ്രത്യാശിക്കുന്നു.

4. RAK മെമ്പർമാരുടെ ക്ഷേമനിധി /പെന്ഷ്ൻ പദ്ധതി:

ഇതിൽ ഒരുപാടു നാളത്തെ അഭിപ്രായങ്ങളും അഭിപ്രായ വിത്യസങ്ങളും എല്ലാം വളരെ ഭംഗിയായി പരിഹരിച്ചു നമ്മുടെ മെമ്പർമാരുടെ ക്ഷേമനിധി നൽകാൻ കഴിഞ്ഞതും ഈ കമ്മിറ്റിയുടെ പ്രവർത്തന മികവായി കാണുന്നു.

ഈ കമ്മിറ്റിയുടെ സമയത്ത് നടന്ന കൂട്ടായ്മയുടെ രേജിസ്ട്രശൻ,ബിസ്സിനെസ്സ് എന്നിവയെല്ലാം ബന്ധപ്പെട്ട വിവരങ്ങളും റിപ്പോർട്ടും ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ ജ: ഇക്ബാൽ അവർകൾ ഈ റിപ്പോർട്ടിന് ശേഷം അവതരിപ്പിക്കുന്നതാണ്.

ആദ്യമേ തന്നെ വളരെ സന്തോഷത്തോടെ എവരെയും അറിയിക്കുന്നു നമ്മുടെ ഈ കൂട്ടായ്മയുടെ പ്രഥമ ലക്ഷ്യം ചാരിറ്റി ആയതിനാൽ ഈ കമ്മിറ്റി യുടെ കാലയളവിൽ ഇതുവരെ നമ്മൾ ( 1952837 inr ) സഹായം ചെയ്യുകയുണ്ടായി, കൂടാതെ മെറിറ്റ് ഈവനിങ്ങ്, നോമ്പ് തുറകൾ എന്നിവയും സംഘടിപ്പിച്ചു.

| **Total amount Distributed for Charity and others From April 2015 to April 2016** | | |
|---|---|---|
| Ramadan Relief | 380650 | INR |
| Charity | 367155 | INR |
| Members Dead Money | 600000 | INR |
| Pension | 575000 | INR |

| | | |
|---|---|---|
| Fithur Zakhath | 30068 | INR |
| **Total** | **1952873** | **INR** |

1.**കൂട്ടായ്മയുടെ പ്രവർത്തന രീതി:** 15/05/2015 ഇൽ അബുദാബിയിൽവച്ച് ഈകമ്മിറ്റിയുടെ ആദ്യത്തെ സംയുക്തകമ്മിറ്റിയിൽ വെച്ച്തന്നെ നമ്മുടെ അംഗങ്ങളുടെ റിട്ടയർമെന്റ് മായി ബന്ധപ്പെട്ടു ഉണ്ടായിരുന്ന സംശയങ്ങൾക്ക് ഈ കമ്മിറ്റിയിൽ വച്ച് തീരുമാനം എടുക്കുകയും അതിൽ 60 വയസ്സായി റിട്ടയർ ചെയ്തു പോകുന്ന നമ്മുടെ മെമ്പർമാർക്ക് ധനസഹായം കൊടുക്കാനും തീരുമാനമെടുത്തു. കൂടാതെ സംഘടന ചാരിറ്റബിൾ ട്രസ്റ്റ് ആയി രെജിസ്റ്റർ ചെയ്യാനും തീരുമാനിച്ചു. മാത്രമല്ല ഈ കമ്മിറ്റിയിൽ വച്ച് ജ: അലാവുദീൻ, ജ: കലാംഹാജി എന്നിവർ കൂട്ടായ്മയ്ക്ക് ബിസ്സിനെസ്സ് ചെയ്യാനായി ചില ഓഫറുകൾ പറയുകയും പക്ഷെ അതിൽ ഭൂരിപക്ഷ അഭിപ്രായമായ കൂട്ടായ്മ ബിസ്സിനെസ്സ് ചെയ്യുമ്പോൾ വെക്തികളിൽ നിന്നുള്ള ഓഫറുകൾ സ്വീകരിക്കേണ്ടതില്ലന്നും കൂട്ടായ്മ തനിയെ ചെയ്യണമെന്നുള്ള തീരുമാനത്താൽ അവർ നൽകിയ ഓഫർ സ്നേഹ പൂർവ്വം നിരസിക്കുകയും ചെയ്തു. കൂടാതെ നാട്ടിൽ നമ്മുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി നാട്ടിലെ കേന്ദ്ര ജമാ അതിനോടും റാത്തിക്കൽ മുഹല്ലിനോടും സൗഹാർധത പുലർത്തണമെന്നും അതിന്റെ ഭാഗമായി റാത്തിക്കൽ മുഹല്ലിനു നമ്മുടെ പുതിയ സംരംഭങ്ങൾ കാണിച്ചു കത്തയക്കാനും തീരുമാനമെടുത്തു. മാത്രമല്ല ഈ കമ്മിറ്റിയിൽ വച്ച് നമ്മുടെ മരണപ്പെട്ട മെമ്പർ മാരുടെ ആശ്രിതർക്ക് കൊടുക്കാനുള്ള 2 ലക്ഷം രൂപ വീതം കൊടുക്കാനും തീരുമാനമെടുത്തു.

<u>പ്രവർത്തനങ്ങളുംസഹായങ്ങളും</u>

ആദ്യത്തെ സംയുക്ത കമ്മിറ്റി കൂടിയ 15.05.2015-ൽ തന്നെ കൂട്ടായ്മയുടെ പ്രധാന പ്രവർത്തനങ്ങളായ റമദാൻ റിലീഫ് , ഫിതർ സഖാത് , നോമ്പുതുറഎന്നിവ നടത്തേണ്ടുന്നതിനെ കുറിച്ച് തീരുമാനിച്ചു.

1. <u>**റമദാൻ റിലീഫ്:**</u>

കൂട്ടായ്മ തുടങ്ങി ഇതു മൂന്നാമത്തെ വർഷമാണ് റമദാൻ റിലീഫ് സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷത്തെ പോലെ തന്നെ ഇപ്രാവശ്യവും ഒരു കുടുംബത്തിനു ഒരു മാസത്തേക്കുള്ള ഭക്ഷണ സാധനങ്ങൾ അടങ്ങിയ പാക്കറ്റ് തീരുമാനിച്ചു . അതിനെ ചില അംഗങ്ങളിൽ നിന്നും ചെറിയ അഭിപ്രായ വെത്യാസം വന്നെങ്കിലും ഒടുവിൽ എല്ലാപേരും അതിനെ വളരെ

വലിയ ആവേശത്തോടെ എടുക്കുകയും അതിന്റെ ഭലമായി നമ്മുടെ എല്ലാ ബ്രാഞ്ചിൽ നിന്നും കൂടി 416360 രൂപ കളക്റ്റ് ചെയ്യുകയും അതിൽ ഭൂരിപക്ഷ അഭിപ്രായം മാനിച്ചു കഴിഞ്ഞ വർഷങ്ങളിൽ കൊടുത്തതിൽ നിന്നും എണ്ണം കുറച്ചു കൊടുക്കുക എന്ന തീരുമാനം പോലെ അർഹാരയവരുടെ പേരുവിവരങ്ങൾ നാട്ടിലെ കമ്മിറ്റി തിരഞ്ഞെടുക്കുകയും അത് സെൻട്രൽ കമ്മിറ്റിക്ക് അയക്കുകയും സെൻട്രൽ കമ്മിറ്റി ഖത്തർ ഉൾപ്പെടെ നമ്മുടെ മറ്റു ബ്രാഞ്ചുകളുടെ കൂടി അഭിപ്രായം ആരാഞ്ഞു അതിൽ നിന്നും നമ്മുടെ നാട്ടിലെ പാവങ്ങളായ 85 കുടുംബങ്ങളെ കണ്ടു പിടിക്കുകയും 2000 രൂപ വില വരുന്ന റമദാൻ കിറ്റ് വളരെ വിജയകരമായി വിതരണം ചെയ്യാനും സാധിച്ചു. ഇതിലേക്ക്

| Money Received for Ramadan Relief | | |
|---|---|---|
| **Description** | **Amount/ Rs** | **Remarks** |
| Qatar | 143760 | |
| Abudhai | 101958 | |
| Dubai | 80887 | |
| Alain | 24260 | |
| Rathickal | 12002 | |
| Previous Balance | 53493 | |
| **Total** | **416360** | |

സംഭാവന ചെയ്തവരുടെ ലിസ്റ്റും കിറ്റ് കൊടുത്തവരുടെ ലിസ്റ്റും ഇതിനൊപ്പം വെക്കുന്നു. അതിനുവേണ്ടി പ്രവർത്തിച്ച എല്ലാ ഭാരവാഹികൾക്കും സെൻട്രൽ കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു. നമ്മുടെ നാട്ടിലെ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രവർത്തനം നടന്നത് കൂടാതെ ആ സമയത്ത് ഗൾഫിൽ നിന്നും നാട്ടിൽ ഉണ്ടായിരുന്ന നമ്മുടെ അംഗങ്ങളും വളരെ സജീവമായി പങ്കെടുത്തു അതിൽ ഖത്തർ ബ്രാഞ്ച് പ്രസിഡന്റ് ജ: നവാസ് അവർകളുടെ പേര് പ്രത്യേകം പരാമർശിക്കുന്നു. ഈ സംരംഭം കഴിയുന്നത്ര കുറ്റമറ്റതാക്കി തീർക്കാൻ നാട്ടിലെ പ്രവർത്തകർ പരമാവധി ശ്രമിച്ചിട്ടുണ്ട് . ഒരു പക്ഷെ വിതരണത്തിൽ ചില പോരായ്മകൾ ഉണ്ടായിട്ടുണ്ടാകാം . വിതരണം നടത്തുന്നതിലുള്ള കായികാധ്വാനം ആലോചിചാൽ അതൊന്നും അത്ര വലിയ കാര്യമാണെന്ന് തോന്നുന്നില്ല. ഏതു നല്ല പ്രവര്ത്തതനം നടത്തുമ്പോഴും ചെറിയ തെറ്റുകൾ സ്വാഭാവികമാണ്. തെറ്റുകൾ ചൂണ്ടികാണിച്ചാൽ തിരുത്താന് എപ്പോഴും സന്നദ്ധമാണ്. നമ്മുടെ അങ്ങഗളുടെ പ്രവർത്തനങ്ങളെ അങ്ങേ അറ്റം വിലമതിക്കുകയും അവരുടെ കൂട്ടായ പരിശ്രമം

ഇല്ലാതിരുന്നെങ്കിൽ ഇത്  വലിയ വിജയമാക്കുവാൻ സാധിക്കുകയില്ലായിരുന്നു. റമദാൻ റിലീഫ് പ്രവര്ത്തനത്തിന് സഹായിച്ച എല്ലപെരോടുമുള്ള നന്ദിയും കടപ്പാടും ഒരിക്കൽ കൂടി ഇവിടെ സ്മരിക്കുന്നു. ഇതേ സംയുക്ത കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരം റമദാൻ റിലീഫ് കഴിഞ്ഞു ബാക്കി വരുന്ന തുക നമ്മുടെ നാട്ടിലുള്ള പാവപ്പെട്ട സഹോദരീ സഹോദരന്മാര്ക്ക്  ഉപജീവനം കണ്ടെത്തുന്നതിനു വിനിയിഗിക്കാൻ തീരുമാനിച്ച   പ്രകാരം ബാക്കി വന്ന 246360 ( 416360 - 170000 = 246360) രൂപയിൽ 210650 /- രൂപ താഴെ പറയുന്നതിനു വേണ്ടി വിനിയോഗിച്ചു.

1, നമ്മുടെ മെമ്പർ ആയ സമീറിന്റെ ഓട്ടോയുടെ ലോൺ അടച്ചു സെറ്റിൽ ചെയ്യാനായി 144400 രൂപ നൽകി.

2, വികലാംഗനായ അയ്യൂബിനു മൈക്ക് സെറ്റ് വങ്ങിനൽകിയ വകയിൽ 50000 രൂപ ചിലവായി.

3, ശ്രീമതി: ആയിഷ അവർകളുടെ മകൾക്ക് തയ്യൽ മിഷീൻ വാങ്ങി നൽകിയതിനു 5600 രൂപ.

4, ശ്രീ: വാസിത് അവർകളുടെ മകൾക്ക് തയ്യൽ മിഷീൻ വാങ്ങി നൽകിയതിനു 5650 രൂപ

5, മേൽ പറഞ്ഞ ഈ പെൺകുട്ടികൾക്ക് തയ്യൽ പഠിപ്പിക്കാനായി 5000 രൂപ ഇതിൽ ബാക്കിയുള്ള തുക അതായതു 35710 രൂപ നാട്ടിലെ കമ്മിറ്റിയുടെ പക്കൽ നീക്കിയിരിപ്പായി ഉണ്ട്.

**2.നോമ്പുതുറ:**

ഇത് ബ്രാഞ്ച് അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിക്കുകയും അബുദാബി , അൽ ഐൻ , ഖത്തർ എന്നീ ബ്രാഞ്ചുകൾ ഭംഗിയായി നടത്തുകയും ചില സാങ്കേതിക കാരണത്താൽ ദുബൈ ബ്രഞ്ചിനും റാത്തിക്കൽ ബ്രാഞ്ചിനും നടത്താൻ സാധിച്ചില്ല. അതിലേക്കു വന്ന ചിലവുകൾ അതാത് ബ്രാഞ്ചിലെ മെമ്പർമാർ വഹിക്കുകയും ഭംഗിയായി നടത്താനും സാധിച്ചു.

**3.ഫിതർ സക്കാത്:**   ഓരോ ബ്രഞ്ചിലുമുള്ള അംഗങ്ങൾ Dhs/Qr 20/- വീതം നല്കിു ആ തുക നാട്ടിലയച്ചു അർഹാരയവർക്ക് വിതരണം *നടത്തുകയുണ്ടായി. അതാത് ബ്രാഞ്ച് കളക്റ്റ് ചെയ്ത തുക ഇങ്ങനെയാണ് അബുദാബി - 10670, ദുബൈ - 8949, അൽ ഐൻ -8949, റാത്തിക്കൽ- 1500 ഖത്തർ ബ്രാഞ്ച് ഇപ്രാവശ്യം കളക്റ്റ് ചെയ്തില്ല അങ്ങനെ മൊത്തം 30068 രൂപ പിരിക്കുകയും അതിൽ നിന്നും ഏകദേശം

15 ചാക്ക് അരി എടുത്തു അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയും ചെയ്തു. അതിലേക്കായി മൊത്തം ചെലവ് 30081 രൂപ ചിലവായി.

**4.പെൻഷൻ പദ്ധതി:**

ഈ കമ്മിറ്റി നിലവിൽ വന്നതിനുശേഷം പുതിയതായി 3 പേർക്ക് കൂടി പെൻഷൻ അനുവദിക്കുകയുണ്ടായി. പെൻഷൻ അർഹരായവർ

1.ശ്രീമതി. അബുസാ S/o Ettal

2.ശ്രീമതി . ആയിഷ ബീവി W/o Late: Emad

3. ശ്രീമതി : സബീറ D/o Ettal.

ആകെ പെൻഷൻനൽകുന്നവരുടെ എണ്ണം 21 ആണ്. മൊത്തം നൽകുന്ന തുക *മാസം 42000/- രൂപയാണ്. **ലിസ്റ്റ് ഇതിനോടൊപ്പം അറ്റാച്ച് ചെയ്യുന്നു**

പുതിയ അപേക്ഷകൾ പെൻഷന് വേണ്ടിയും മറ്റു സഹായങ്ങൾക്ക് വേണ്ടിയും ധാരാളമായി ലഭിക്കുന്നുണ്ട്.കൂട്ടായ്മയുടെ സാമ്പത്തിക നിലക്കനുസരിച്ചേ പെൻഷൻ പോലുള്ള സ്ഥിര ബാധ്യതയുള്ള പദ്ധതികൾ നമുക്ക് തുടരാൻ സാധിക്കുകയുള്ളൂ. തീർച്ചയായയുംകൂട്ടായ്മ വളരെ ആലോചിച്ചു വേണം പുതിയ പെൻഷൻഅപേക്ഷകൾ അഗീകരിക്കാവൂ. ഏറ്റവും അർഹരായവർ ആയിരിക്കണം അതിന്റെ ഗുണഭോക്താക്കൾ. ഇതിപ്പോ ഇവിടെ എടുത്തു പറയാൻ കാരണം ഇത്രനാളും പെൻഷൻ പോലുള്ള സ്ഥിര ബാധ്യതയുള്ള പരിപാടികൾ ചെയ്തപ്പോൾ നമുക്ക് ആ തുക അത്രയുമൊ അല്ലെങ്കിൽ അതിനടുത്തോ ഉള്ള സംഖ്യ നമുക്ക് സ്പോൺസർ ഷിപ് ആയി കിട്ടിയിരുന്നു. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ ഈ കഴിഞ്ഞ ഫെബ്രുവരിയിൽ സ്പോൺസർ ഷിപ്പിന്റെ കാലാവധി അവസാനിക്കുകയും അതിൽ ചില ആളുകൾ വീണ്ടും തുടരുകയും പുതുതായി കൂടുതലായി സ്പോൺസർ മാരെ കണ്ടെത്താൻ നമുക്ക് സാധിച്ചതുമില്ല ഇത് നമ്മുടെ കൂട്ടായ്മയുടെ ഒരു വീഴ്ചയായി ഈ കമ്മിറ്റി വിലയിരുത്തുന്നു. അതിനു കാരണമായി കമ്മിറ്റി വിലയിരുത്തുന്നത് ഈ അടുത്തായി നമ്മുടെ അടിസ്ഥാന ലക്ഷ്യമായ ചാരിറ്റി പ്രവർത്തനം കൂടുതലായി നടക്കുന്നില്ല കാരണം നമ്മുടെ ശ്രദ്ധ ബിസ്സിനെസ്സ് പോലുള്ള കാര്യങ്ങളിലായിരുന്നു. അത് പോര ബിസ്സിനസ്സിനോടൊപ്പം അല്ലെങ്കിൽ അതിൽ കൂടുതലോ നമ്മുടെ ശ്രദ്ധയും പ്രവർത്തനവും വേണ്ടത് ചാരിറ്റിക്ക് വേണ്ടിയാണു എന്നുള്ള തിരിച്ചറിവ് നാം മനസ്സിലാക്കണമായിരുന്നു. നമ്മുടെ എല്ലാ ബ്രാഞ്ചുകളിലും ഒരുപാടു ചാരിറ്റി കുടിശിക ഇനിയും പിരിചെടുക്കാനുണ്ട് അതിനായി നമ്മുടെ എല്ലാ ബ്രാഞ്ചും കുറെ കൂടി ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**5. നിയമാവലിയുടെ പരിഷ്കരണം**:

ഈ കമ്മിറ്റി നിലവിൽ വരുന്നതിനു മുമ്പ് കഴിഞ്ഞ ജനറൽ ബോഡിയിൽ തന്നെ ചില പരിഷ്കരണങ്ങളോടെ നിയമാവലി അവതരിപ്പിച്ചു അതിന്റെ അംഗീകാരം വാങ്ങുകയും അതിനു ശേഷം ഈ കമ്മിറ്റി നിലവിൽ വന്നതിനു ശേഷം നമ്മുടെ മെമ്പർമാർക്കുള്ള ക്ഷേമനിധിയുടെ പൈസ കളക്ഷനുമായി ബന്ധപ്പെട്ടു ഒരുപാടു ചർച്ചകളും അഭിപ്രായങ്ങളും വന്നെങ്കിലും അതൊന്നും പ്രയോഗിഗമായി നടത്താൻ സാധിക്കാതെ വരികയും അങ്ങനെ അബു ദാബിയിൽ വച്ച് 19/06/2015 നു കൂടിയ സംയുക്ത കമ്മിറ്റിയിൽ വച്ച് ഒരു അഭിപ്രായ സമന്വയം ഉണ്ടാകുകയും അതിൻ പ്രകാരം നമ്മുടെ എല്ലാ മെമ്പർ മാരും ക്ഷേമനിധി ഫണ്ടിലേക്കുള്ള പൈസയായി എല്ലാ വർഷവും 70 dhs / qr അടക്കണമെന്നും ഇതിൽ 50 dhs / qr മെംബെർസിന്റെ ക്ഷേമനിധി ഫണ്ടിലേക്കും ബാക്കി 20 dhs /qr കൂട്ടായ്മയുടെ പ്രവർത്തന ഫണ്ടിലേക്കും പോകുമെന്നുള്ളത് നിയമമാക്കി ഭരണഘടനയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും അതിൻ പ്രകാരം അതും കൂടി ഉൾപ്പെടുത്തിയാണ് നമ്മുടെ ഭരണഘടന ഇപ്പൊ നിലവിൽ ഉള്ളത്.

**6.കൂട്ടയ്മയ്ടെ രജിസ്ട്രഷൻ :**

കൂട്ടായ്മയുടെ രേജിസ്ട്രശേഷനും ബിസ്സിനെസ്സ് സംബന്ധമായ എല്ലാ കാര്യങ്ങളും ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ ജ: ഇക്ബാൽ അവതരിപ്പിക്കുന്നതാണ്.

**7.മരണപ്പെട്ട അങ്ങൾക്കുള്ള സഹായം:**

ഈ കമ്മിറ്റി യുടെ സമയത്തും നമ്മുടെ മെമ്പർ ജ: അവ്വാബ് അവർകൾ മരണപ്പെടുകയും അദ്ധേഹത്തിന്റെ നിര്യാണത്തിൽ നാം ഒന്നാകെ അനുശോചനം രേഖപ്പെടുത്തുകയും അദ്ധേഹത്തിന്റെ മയ്യിത്തിനു വേണ്ടി നമസ്ക്കരിക്കയും പ്രാർത്ഥനയിൽ പങ്കു കൊള്ളുകയും ചെയ്തു. കൂടാതെ നമ്മുടെ കൂട്ടായ്മയുടെ നിയമാവലി അനുസരിച്ച് നമ്മുടെ ഏതെങ്കിലും ഒരു മെമ്പർ മരണപ്പെട്ടാൽ നല്കേണ്ട ധനസഹായം നല്കാനായി നാം ഓരോരുത്തരും 50 dhs / qr സമാഹരിച്ചു അതിനുള്ള തുക കണ്ടെത്തേണ്ടതാണ് പക്ഷെ വളരെ സങ്കടത്തോടെ കുറിക്കുന്നു ആ തുക ഇനിയും സമാഹരിക്കാൻ നമുക്കോരോരുത്തർക്കും കഴിയാത്തത് നമ്മുടെ സംഘടനയുടെ ഒരു വീഴ്ചയായി ഈ കമ്മിറ്റി വിലയിരുത്തുന്നു. വരും കമ്മിറ്റിക്കെങ്കിലും ഇത് വളരെ ഫലപ്രദമായി നടത്താൻ സാധിക്കട്ടെ എന്ന് മാത്രം പറയാനേ കഴിയുന്നുള്ളൂ. ഏതായാലും അദ്ധേഹത്തിനുള്ള ധനസഹായം നാം അദ്ധേഹത്തിന്റെ ആശ്രിതർക്ക് നൽകുകയും. അതിനായുള്ള പൈസ നേരത്തെ നമ്മളിൽ നിന്നും മരണമടഞ്ഞ മെമ്പർ ജ: സാദിഖ് ഹാജിയുടെ ആശ്രിതർക്ക് നൽകിയ പൈസ അവർ വളരെ സന്തോഷ പൂർവ്വം തിരിച്ചു നൽകുകയും ആ തുക നമ്മൾ ജ: അവ്വാബ് അവർകളുടെ ആശ്രിതർക്ക് നൽകുകയും ചെയ്തു. ഓരോ

ബ്രാഞ്ചിലും ഇതിനായി കളക്റ്റ് ചെയ്ത തുകയുടെ ഒരു പൂർണ്ണ രൂപം ഇവിടെ കാണിക്കുന്നു.

| Details of Members Welfare Fund | | |
|---|---|---|
| Area | Amount / AED/ QR | Amount/ INR |
| Abu Dhabi | 9720 | 167645 |
| Dubai | 3650 | 62926 |
| Qatar | 13450 | 231628 |
| Al Ain | 5400 | 93096 |
| Rathickal | | 1550 |
| Saudi Arabia | | 3460 |
| **Total** | **32220** | 560305 |

അത് വിതരണം ചയ്ത കണക്കു കൂടി ഇവിടെ കുറിക്കുന്നു

| | | |
|---|---|---|
| Welfare distributed | | 600000 |
| Jan: Rahumathulla | Abu Dhabi Branch | 200000 |
| Jan: Rishad | Qatar Branch | 200000 |
| Jan: Awwab | Abu Dhabi Branch | 200000 |
| Collected From Members | | 560305 |
| Balance Amount | | -39695 |
| Balance amount taken from charity money in Rathickal Branch | | |

**8. മറ്റു സഹായങ്ങൾ:**നമ്മുടെ കൂട്ടായ്മയിൽ സഹായം അഭ്യർഥിച്ചു വന്ന ഒരുപാട് അപേക്ഷകളിൽ അർഹതയുണ്ടെന്നു കമ്മിറ്റിക്ക് ബോധ്യപ്പെട്ട താഴെപറയുന്ന വെക്തികൾക്ക് ധനസഹായം നല്കുകയുണ്ടായി.

| Charity Distributed | |
|---|---|
| For One Patient Collected at Rathickal Branch | 20000 |
| Amina Vazha Vila Vettoor for Treatment | 50000 |
| Bike Accident Buhari S/o Umaiba | 25000 |
| Nasimudeen For Cow | 47155 |
| Sainulabudeen For treatment | 25000 |
| For Rathickal Jama athu | 100000 |
| Ameer for Treatment | 100000 |
| Total | **367155** |

കൂടാതെ റാത്തിക്കൽ ജാമാ അതിലെ സ്ഥിര താമസക്കാരനായ ശ്രീ: അബ്ദുൽ റഹുമാൻ മുസ്ലിയാർ അദ്ധേഹത്തിന്റെ മകളുടെ വിവാഹവുമായി ബന്ധപ്പെട്ടു ധനസഹായത്തിനായി കൂട്ടായ്മക്ക് അപേക്ഷ നൽകുകയും കൂട്ടായ്മയ്ക്ക് വിവാഹ ആവശ്യങ്ങൾക്ക് ധനസഹായം നൽകുന്ന ഒരു കീഴ്‌വഴക്കം കൂട്ടായ്മയ്ക്ക് ഇല്ലാത്തതിനാൽ അതിനു മുന്നിട്ടിറങ്ങു നമ്മുടെ മെമ്പർമാരിൽ നിന്നും പരിചയക്കാരിൽ നിന്നും പൈസ കളക്റ്റ് ചെയ്തു നല്ലൊരു തുക അദ്ദേഹത്തിന് നല്കാൻ കഴിഞ്ഞതും അതിനായി ആത്മാർഥമായി പരിശ്രമിച്ച നാട്ടിലെ കമ്മിറ്റിയെയും അബുദാബി ബ്രാഞ്ച് ട്രഷറർ ജ: ജബ്ബാർ നെയും പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. കൂടാതെ അതിലേക്കു സംഭാവന ചെയ്ത നമ്മുടെ മെമ്പർ മാരെയും നമ്മുടെ മെംബേർസ് അല്ലാത്തവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**09.ചാരിറ്റി സ്പോൺസർ ഷിപ്പ്:**

ഇപ്പോൾ നിലവിൽ ചാരിറ്റി സ്പോൺസർ ചെയ്യുന്ന പ്രിയപ്പെട്ടവരായ നമ്മുടെ മെമ്പർ മാരുടെ ലിസ്റ്റ് ഇതിനൊപ്പം അറ്റാച്ച് ചെയ്യുന്നു. നമ്മുടെ ഈ മഹത്തായ പദ്ധതിക്ക് എല്ലാ സാമ്പത്തിക സഹായവും ചെയ്യുന്ന ഈ സ്പോൺസർ മാരെ സെൻട്രൽ കമ്മിറ്റി നന്ദി അറിയിക്കുന്നു. ഇതിലേക്കായി ഇനിയും ഒരുപാടു പേർ മുന്നോട്ട് വരണമെന്നും അപേക്ഷിക്കുന്നു.

**10.പുതിയ അപേക്ഷകൾ:** അവസാന സംയുക്ത കമ്മിറ്റി കൂടിയ 08.04.2016ൽ സഹായം അഭ്യർഥിച്ചു വന്ന എല്ലാ അപേക്ഷകളും ഈ ജനറൽ ബോഡിയിൽ വച്ച് തീരുമാനം എടുക്കാമെന്ന് തീരുമാനിച്ച പ്രകാരം അത് ജനറൽ ബോഡിയിലെ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

11, **ജമാ അത്ത് കമ്മിറ്റിയുമായുള്ള വിഷയം:**

റാത്തിക്കൽ മുഹല്ലു നേരിടുന്ന പ്രതിസന്ധികളെയും, സാമ്പത്തീക ബുദ്ധിമുട്ടുകളെയും മുൻനിർത്തി ആ വിഷയത്തിൽ സജീവമായി

ഇടപെടുകയും. നമ്മുടെ മുഹല്ലിൽ നിലനിർത്തേണ്ട സ്നേഹവും, സൌഹൃദ വും, എന്നും നിലനിർത്തി , എല്ലാപേരുമായി സഹകരിച്ച് മുന്നോട്ടു പോകുന്നതിനുള്ള പ്രസക്തിയെ എല്ലാപേരെയും ബോധ്യപ്പെടുത്തുന്നതിനായി റാത്തിക്കൽ മുഹൽ നിവാസികളുടെ ഗൾഫ് പ്രതിനിധികളായി രണ്ട്പേരെ തിരഞ്ഞെടുക്കുകയും, അവർ പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

സാമ്പത്തീകമായ സഹായത്തിനായി വീണ്ടും റാത്തിക്കൽ മുഹല്ലിന്റെ ഗൾഫ് ഏരിയ കമ്മിറ്റികളെ രൂപീകരിക്കാനായി. അതിന്റെ പ്രവത്തനവും മുന്നോട്ടാണ്. വളരെ ശ്രമകരമായ ഒരു അഭിപ്രായ സമന്വയത്തിലൂടെ കൂട്ടായ്മയുടെ വകയായി 1 ലക്ഷം രൂപ മുഹല്ലിലെ നിർമാണ പ്രവർത്തനങ്ങൾക്കായി കൊടുക്കാനായി.

**<u>12.മെറിറ്റ് ഈവനിങ്ങും വാർഷികാഘോഷവും:</u>**

2015 സെപ്റ്റംബർ 26 & 27 തിയതികളിലായി RAK ന്റെ 5 ആം വാർഷികവും മെറിറ്റ് ഈവനിങ്ങും രാത്തിക്കൽ മദ്രസാ ഹാളിൽ വെച്ച് വിപുലമായ പരിപാടികളോടെ നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന മെമ്പർ മാരുടെ പ്രവർത്തനവും സഹകരണവും വേണ്ട വിധം കിട്ടിയില്ല എന്ന് പ്രോഗ്രാം കമ്മിറ്റി കുറ്റപ്പെടുത്തുകയും എന്നിരുന്നാലും സ്ഥലം M L A യെയും Rtd: Professor കൊണ്ടുവരാനും സ്ത്രീകളെയും കുട്ടികളെയും അടക്കം മോശമല്ലാത്ത പൊതു ജനങ്ങളുടെ സാന്നിധ്യം കൊണ്ട് ഈ പരിപാടിയുടെ തിളക്കം കൂട്ടാൻ സാധിച്ചതായി സെൻട്രൽ കമ്മിറ്റി വിലയിരുത്തുന്നു. അതിലെ പ്രധാന പ്രോഗ്രാം ആയ ഖുർആൻ പാരായണ മത്സരത്തിൽ ആകെ 59 കുട്ടികൾ പങ്കെടുക്കുകയും അവസാന റൌണ്ടിലേക്ക് 26 കുട്ടികൾ അർഹത നേടുകയും അതിൽ ജൂനിയർ ആൺകുട്ടികൾ , പെൺകുട്ടികൾ- സീനിയർ ആൺകുട്ടികൾ , പെൺകുട്ടികൾ എന്നിങ്ങനെ ഓരോ സെഷനിലും ഒന്ന് ,രണ്ടു മൂന്നു പോസിഷനിലായി മൊത്തം 12 കുട്ടികൾ വിജയികളാവുകയും അവർക്ക് തമാം ഗ്രൂപ്പ് ഓഫ് കമ്പനി സ്പോൺസർ ചെയ്ത കാശ് പ്രൈസ് നൽകുകയും കൂടാതെ ഫൈനൽ റൌണ്ടിൽ അർഹത നേടിയ ബാക്കി പതിനാല് കുട്ടികൾക്കും പ്രോത്സാഹന സമ്മാനമായി ജംനോ സ്കൂൾ സ്പോൺസർ ചെയ്ത 1000 രൂപ വീതം നൽകുകയും ചെയ്തു. കൂടാതെ പല മേഘലകളിലായി ഉന്നത വിജയം നേടിയ 19 കുട്ടികൾക്ക് 1000 രൂപ വീതവും സർറ്റിഫിക്കട്ടും ട്രോഫിയും നൽകുകയും പ്രോത്സാഹന സമ്മാനമായി മറ്റു നാലു കുട്ടികൾക്ക് ട്രോഫിയും സട്ടിഫിക്കട്ടും നൽകുകയും ചെയ്തു. അഞ്ചാം വാരഷികോൽഘാടനത്തിനും അനുബന്ധ പരിപാടികൾക്കും സഹായം നൽകിയ എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് നമ്മുടെ സ്പോൺസർ മാരായ തമാം ഗ്രൂപ്പ് ,

കൈരളി , ജംനോ സ്കൂൾ , വിൻസ്റ്റാർ കൂടാതെ ജ: അഷീർഖാൻ, ജ: നാസീം, ജ: ആസാദ്, ജ: ഇക്ബാൽ, ജ: അലിഫ്, ജ: സഫറുള്ള , ജ: അർഷ്, ജ: ഷിബു, ജ:ശ്യാം എന്നിവർക്കും ജമാഅത്ത് കമ്മിറ്റിക്കും, യുവസംഘത്തിനും,ജ: സിദ്ദിഖ് മന്നാനി, MLA വർക്കല കഹാർ , ചീഫ് ഗസ്റ്റ് , പഞ്ചായത്ത് പ്രസിഡണ്ട്, മെമ്പർ, ജമാഅത്ത് സെക്രട്ടറി തുടങ്ങി ബഹുമാന്യരായ നാട്ടുകാർക്കും റാക്ക് സെൻട്രൽ കമ്മിറ്റി നന്ദിയും അവരോടുള്ള കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. ഈ പരിപാടിയുടെ നടത്തിപ്പിനായി 125000 രൂപ പിരിഞ്ഞു കിട്ടുകയും മൊത്തം ഇതിലേക്കുള്ള ചെലവ് 138397 രൂപ ആകുകയും ബാക്കി വേണ്ട 138397 രൂപ കഴിഞ്ഞ മെറിറ്റ് ഈവനിങ്ങിൽ നിന്നും ബാക്കി വന്നതും ബാങ്ക് പ്രൊഫിറ്റിൽ നിന്നും കിട്ടിയതുമായ പൈസയിൽ നിന്നും എടുത്തു അത് സെറ്റിൽ ചെയ്യുക്കയും ചെയ്തു.

അതിനുശേഷം നടന്ന വടംവലി മത്സരത്തിൽ 7 ടീമുകൾ പങ്കെടുത്തു. 1ഉം 2ഉം സ്ഥാനക്കാർക്ക് സമ്മാനം നൽകുകയുണ്ടായി. തുടർന്ന് വൈകിട്ട് 5.30നു ആരംഭിച്ച വാർഷികഘോശത്തിൽ റാക്ക് unit പ്രസിഡന്റ് ജ: ശിഹാബുദീൻ അധ്യക്ഷത വഹിക്കുകയും ബഹു: Rtd : Professer വാർഷികാഘോഷം ഉത്ഘാടനം ചെയുകയും ബഹു: MLA വർക്കല കഹാർ ആശംസാ പ്രസംഗം നടത്തുകയും തുടർന്ന് നമ്മുടെ മെമ്പർമാർ അവാർഡ് വിതരണം നടത്തുകയും ചെയ്തു

നാട്ടിൽ ഒരു കമ്മിറ്റി യുണ്ടായത് കൊണ്ട് തന്നെ ഇത്തവണത്തെയും മെറിറ്റ് ഈവനിങ്ങും വാർഷികാഘോഷവും വളരെ ഭംഗിയായും കാര്യക്ഷമമായും നടത്താൻ കഴിഞ്ഞു. ആദ്യമായി അതിനു നേതൃത്വം കൊടുത്ത കമ്മിറ്റിയെ അഭിനന്ദിക്കുന്നു .ഏതു ഇത്തരത്തിലുള്ള പരിപാടികളും വിജയിക്കണമെങ്കിൽ സാമ്പത്തികം ഒരു പ്രധാന ഘടകമാന്നു. ഈ സംരംഭത്തിന് ചെറുതും വലുതുമായ സംഭാവനകൾ നൽകി വൻ വിജയമാകിയ കൂട്ടായ്മയിൽ ഉള്ളവരും ഇല്ലാത്തവരുമായ എല്ലാവര്ക്കും ഒരിക്കൽ കൂടി കൂട്ടയ്മക്കുള്ള ആത്മാർത്ഥമായ കടപ്പാട് അറിയിക്കുന്നു . തുടർന്നും ഇത്തരം പരിപാടികൾക്ക് സഹകരണം പ്രതീക്ഷിക്കുന്നു. ജനങ്ങളുടെ പങ്കാളിത്തം കൊണ്ടേ ഏതു ജനകീയ പദ്ധതിയും വിജയിക്കുകയുള്ളൂ. അതിൽ പങ്കെടുത്തു വിജയമാകിയ എല്ലാ നാട്ടുകർക്കും വിശിഷ്യ അതിൽ പങ്കെടുത്ത വിശിഷ്ട വ്യെക്തിത്വങ്ങൾക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ ഇതുമായി ബന്ധപെട്ടു തുടർന്ന് വന്ന മീറ്റിങ്ങുകളിലും ചർച്ചകളിലും അതിന്റെ നടത്തിപ്പ് രീതിയെ കുറിച്ചും സ്പോൺസർ ഷിപ്പിനെ കുറിച്ചും ഒരുപാടു വാഗ്വാദങ്ങളും ചർച്ചകളും നടക്കുകയും ഒടുവിൽ മെറിറ്റ് ഈവനിങ്ങിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ

കാര്യപരിപാടികളും ഇനി മുതൽ സെൻട്രൽ കമ്മിറ്റിയുടെ അധീനതയിൽ ആയിരിക്കും നടക്കുക എന്നും സ്പോൺസർ ചെയ്യുന്ന വെക്തികളോ സ്ഥാപനങ്ങളോ റാക്ക് സെൻട്രൽ കമ്മിറ്റിയുടെ മാനദണ്ഡം അനുസരിച്ചായിരിക്കണം പ്രവർത്തിക്കേണ്ടതെന്നും തീരുമാനമെടുത്തു.

***വിശദമായ റിപ്പോർട്ട് രാത്തികൾ കമ്മിറ്റി അയച്ചിട്ടുണ്ട് . അത് എവിടെ അറ്റാച്ച് ചെയ്യുന്നു**

**<u>13. യാത്രയപ്പ്:</u>** നമ്മുടെ ഹൈപവർ കമ്മിറ്റി മെമ്പർ ആയ ജ: കലാം ഹാജിക്കും, അബുദാബി ബ്രാഞ്ച് പ്രസിഡന്റ് ആയിരുന്ന ജ: സാജർ അവർകൾക്കും വിപുലമായ യാത്രായപ്പ് നൽകി. അവർ കൂട്ടായ്മക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങളെ ഇവിടെ സ്മരിക്കുന്നു. അവർ ഇപ്പോൾ നാട്ടിലും സജീവമായി പങ്കെടുക്കുന്നതായി മനസിലാക്കുന്നു. തുടർന്നുള്ള ജീവിതത്തിൽ അവർക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

**<u>14.ബ്രാഞ്ച് കമ്മിറ്റികളുടെ പ്രവർത്തനം</u>**

കൂട്ടായ്മയുടെ അടിസ്ഥാന പ്രവർത്തനങ്ങൾ നടക്കുന്നത് നമ്മുടെ ഓരോ ബ്രാഞ്ചുകളിലുമാണ്. അതിനാൽ തന്നെ വളരെയധികം ഉത്തരവാദിത്വങ്ങൾ ബ്രാഞ്ചുകൾക്കുണ്ട് ചെറുപ്പക്കാരായ നമ്മുടെ അംഗങ്ങളോട് ഒരു അപേക്ഷയുള്ളതു അവർ ഈ കൂട്ടായ്മയിൽ പങ്കെടുത്തു ഇതിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കണമെന്നുള്ളതാണ്. സെൻട്രൽ കമ്മിറ്റി കൂടാതെ നാട്ടിലുൾപ്പടെ 5 ബ്രാഞ്ച്കളാണ് ഉള്ളത്.

**<u>1.അബുദാബി ബ്രാഞ്ച്:</u>**

ജ: സാജർ അവർകളുടെ നേതൃത്വത്തിൽ തുടങ്ങിയെങ്കിലും ഇടയ്ക്കു വച്ച് അദ്ദേഹം പ്രവാസ ജീവിതം മതിയാക്കി നാട്ടിൽ പോയതിനാൽ പകരം ജ: അലാവുദീൻ അവർകൾ പ്രസിഡന്റ് ആയും ജ: നജീബ് സെക്രട്ടറി ആയും കഴിഞ്ഞ ഒരു വർഷം സംഘടനാ പരമായി വളരെ ഭംഗിയായിട്ട് ഉള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. നമ്മുടെ മറ്റെല്ലാ ബ്രാഞ്ചുകളെയും അപേക്ഷിച്ച് എല്ലാ പ്രവർത്തനത്തിലും വളരെ നല്ല നിലയിലുള്ള റിസൾട്ട് അബുദാബി ബ്രാഞ്ചിൽ നിന്നും ലഭിക്കാറുണ്ട്. അതിൽ ജ: നജീബ് ന്റെയും ട്രഷറർ ജ: ജബ്ബാറിന്റെയും പ്രവർത്തനം ഈ കമ്മിറ്റി എടുത്തു പറയുന്നു.

**<u>2.അൽ ഐൻ ബ്രാഞ്ച്:</u>** ജ: ഹസിമുദീൻ പ്രസിഡന്റ് ആയും ജ: അൻസാർ സെക്രട്ടറി ആയും നിലവിൽ വന്ന കമ്മിറ്റി വളരെ സുസ്ത്യാർഹമയ പ്രവർത്തനം കാഴ്ച്ചവെച്ചെങ്കിലും നിർഭാഗ്യകരമെന്ന് പറയട്ടെ സെൻട്രൽ കമ്മിറ്റിയുടെ കീഴിൽ പതിമൂന്നു സംയുക്ത കമ്മിറ്റികൾ കൂടിയെങ്കിലും അൽ ഐൻ പ്രസിഡന്റ് ആകെ

പങ്കെടുത്തത് ഒരു കമ്മിറ്റിയിലാണെന്നുള്ള വിവരം വളരെ ഖേദപൂർവ്വം ഇവിടെ കുറിക്കുന്നു. ഇനി വരുന്നവർക്കെങ്കിലും സെൻട്രൽ കമ്മിറ്റിയുമായി യോജിച്ചു നല്ല പ്രവർത്തനം കാഴ്ചവെക്കാൻ സാധിക്കട്ടെ. എന്നിരുന്നാലും ജ: അൻസാറിന്റെ പ്രവർത്തനം അഭിനന്ദനമറിയിക്കുന്നു.

**3. ദുബായ് ബ്രാഞ്ച്:**

ജ: ഹിലാൽ പ്രസിഡന്റ് ആയും ജ: ഷിബു സെക്രട്ടറി ആയും നിലവിൽ വന്ന കമ്മിറ്റി കൂട്ടായ പ്രവർത്തനത്തിലൂടെ ശരാശരി നിലവാരം പുലർത്താനായതായി കമ്മിറ്റി വിലയിരുത്തുന്നു.

**4. ഖത്തർ ബ്രാഞ്ച്:**

11/03/2016 ഇൽ കൂടിയ ഖത്തർ ജനറൽ ബോഡിയിൽ ഭൂരിപക്ഷ അഭിപ്രായം മാനിച്ചു ജ: നവാസ് അധ്യക്ഷനായും ജ: ബാജി സെക്രട്ടറിയായും അതേ കമ്മിറ്റി തന്നെ തുടരുകയും ചെറുപ്പക്കാരായ ഒരു കൂട്ടം പ്രവർത്തകർഉള്ള കമ്മിറ്റി യാണ് ഖത്തർ ബ്രാഞ്ച്. സെക്രട്ടറി ജ: ബാജിയും മറ്റു അംഗങ്ങളും വളരെ നല്ല പ്രവർത്തനമാണ് നടത്തുന്നത് പ്രതേകിച്ചും ചാരിറ്റി സംബന്ധമായ വിഷയങ്ങളിലും കൂട്ടായ്മക്ക് ഉദകുന്ന തരത്തിലുള്ള ആശയങ്ങൾ പങ്കുവെക്കുന്നതിലും ഖത്തർ കമ്മിറ്റി പ്രത്യേകം അഭിനദനം അർഹിക്കുന്നു.

**5.രാത്തിക്കൽ ബ്രാഞ്ച്:**

26/07/2015 ഇൽ റാത്തിക്കൽ ബ്രാഞ്ച് ജനറൽ ബോഡി കൂടുകയും അതിൽ ജ: ശിഹാബുദീൻ അവർകളുടെ നേതൃത്വത്തിൽ ജ: കാമിൽ സെക്രട്ടറി ആയും ജ: അബ്ദുൽ സമദ് ട്രഷറർ ആയും പുതിയ കമ്മിറ്റി നിലവിൽ വരികയും കൂടെ നമ്മുടെ മുതിർന്ന അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണവും കൊണ്ട് അൽ ഹംദു ലില്ലാഹ് വളരെ ഭംഗിയായി അവരുടെ പ്രവർത്തനം മുന്നോട്ടു പോകുകയും ചെയ്യുന്നു. നാട്ടിലാണ് കൂട്ടായ്മയുടെ സേവന പ്രവർത്തനങ്ങൾ നടക്കുന്നത്.ഇനിയും പുതിയ മേഘലകളിലേക്ക് നാട്ടിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. തീർച്ചയായും അവരുടെ അനുഭവവും പക്വതയും കൊണ്ട് അതിനു കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**15.ഭാവി പദ്ധതികൾ**

താഴെ പറയുന്ന ഭാവി പരിപാടികൾ തുടർന്ന് വരുന്ന കമ്മിറ്റിക്ക് സമർപ്പിക്കുന്നു.

1, 24/ 7 ഹെൽപ് ലൈൻ: വിദേശത്ത് താമസിക്കുന്ന അംഗങ്ങൾക്ക് അപ്രതീക്ഷമായി വന്ന്നേക്കാവുന്ന പ്രശ്നങ്ങൾ ഭാരവാഹികളെ അറിയിക്കാനും അടിയന്തിര സഹായങ്ങൾ തേടാനും.

2, റാത്തിക്കൽ കൂട്ടായ്മയുടെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്ഷേമനിധി

3, നമ്മടെ സീനിയർ മെമ്പർമാരുടെ റിട്ടയർമെന്റ്.

4, നാട്ടിലെ റാക്ക് കമ്മിറ്റി രൂപീകരണം അതിന്റെ പ്രവർത്തനം

5,

6,

സമീപ പ്രദേശങ്ങളിലുള്ളവരും , നാട്ടുകാരയവരല്ലാത്തവരുമെല്ലാം ഇതിന്റെ ആശയങ്ങളെ മനസിലാക്കി ഇതിനോടൊപ്പം സഹകരിക്കുകയും, ഒപ്പം ഇതുപോലുള്ള വേദികൾ നമ്മുടെ സഹോദര പ്രദേശങ്ങളിലും രൂപം കൊള്ളുകയും ചെയ്തതിലൂടെ ഇങ്ങിനെയുള്ള ഒരു കൂട്ടായ്മയുടെ പ്രസക്തി വളരെ വലുതാണെന്ന് നമ്മൾ മനസിലാക്കണം, പ്രത്യോകിച്ച് ഈ കാലഘട്ടം ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യം അതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഏതൊരു പ്രതിസന്ധിക്ക് മുമ്പിലും തളരാതെ ഇതിന്റെ പ്രവർത്തകർ ഈ കൂട്ടായ്മയെ തലമുറകളിലേക്ക് കൈമാറി നമ്മുടെ സമൂഹത്തിന് , നാടിനും, ഗുണകരമാകുന്ന തലത്തിൽ നിലനിർത്തുമെന്നുള്ള പ്രതീക്ഷ നമുക്കെല്ലാമുണ്ടാകണം, അതിനായി നമ്മൾ ആത്മാർത്ഥമായി പ്രവർത്തിക്കണം അല്ലാഹു നമ്മുടെ ചിന്തകളെ ആ അർത്ഥത്തിൽ മുന്നോട്ട് പോകാൻ അനുഗ്രഹിക്കട്ടെ.

കൂട്ടായ്മയുടെ പ്രവർത്തനങ്ങളെ അനുകൂലിച്ചവരോടും വിമർശിച്ചവരോടും ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ ഒരു വർഷം കൂട്ടായ്മ ഈ കമ്മിറ്റിയെ ഏൽപ്പിച്ച ഉത്തരവാദിത്വം ഞങ്ങൾക്ക് കഴിയുന്നവിധം ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ആശയങ്ങളുമാണ് മേൽ വിവരിച്ചത്. അത് അംഗങ്ങളുടെ പൊതു ചർച്ചക്കും വിലയിരുത്തലിനുമായി സമർപ്പിക്കുന്നു.

നന്ദിയോടെ നിർത്തുന്നു,,,

അസ്സലാമു അലൈക്കും

സ്നേഹത്തോടെ ,,

RAK സെൻട്രൽ കമ്മിറ്റിക്കുവേണ്ടി

പ്രസിഡന്റ് സെക്രട്ടറി ട്രെഷറർ